കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.24/2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 04-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.24/2032/2017 തീയ്യതി: 041-11-17

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-11-2016 മുതൽ 3.08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-08-2017 മുതൽ 17-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ.ടി,കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്.പി.റ്റി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ് . പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.പി.പി.സുഹ്റാബി | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.മറിയാമ്മ.എം.ജി | 01.04.2016 മുതൽ 28.7.2016വരെ (ചാർജ്) |
| ശ്രീമൊയ്തീൻക്കുട്ടി.എം. | 29.07.2016 മുതൽ 31.03.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മറിയാമ്മ.എം.ജി | 01.04.2016മുതൽ04.01.2017വരെ |
| | ശ്രീമതി.ജലജകുമാരി.എ | 05.01.2017മുതൽ06.02.2017വരെ |
| | ശ്രീമതി.ജഗദമ്മ.എം | 06.02.2017മുതൽ31.03.2017വരെ |
| അസി. എഞ്ചിനിയർ | ശ്രീ.ജോൺസൺ.പി.സി | 01.04.2016മുതൽ31.3.2017വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഉഷാദേവി | 01.04.2016മുതൽ21.07.2016വരെ |
| | ശ്രീ.ശ്രീജിത്ത് | 22.07.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രഞ്ജിത.പി | 01.04.2016മുതൽ31.3.2017വരെ |
| വെറ്റിനറി സർജൻ | ശ്രീ.അബ്ദുൾനാസ്സർ.പി | 01.04.2016 മുതൽ31.3.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു | 01.04.2016 മുതൽ31.3.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വി.ഗിരിജ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡെ.മുഹമ്മദ് യൂസഫ് | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സുധീർ അമ്പാടി | 06.08.2016 മുതൽ31.03.2017വരെ |
| | ഡോ.വി.പ്രമീള | 01.04.2016 മുതൽ 05.08.2016വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 2-1 |

| | | |
|---|---|---|
| 13 | ഇന്ററപ്റ്റഡ് രശീതികൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല | 2-2 |
| 14 | മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല. | 2-3 |
| 15 | തൊഴിൽ നികുതി ഒടുക്കാത്ത വ്യക്തികളും സ്ഥാപനങ്ങളും | 2-4 |
| 16 | ലൈബ്രറി സെസ് അടവാക്കിയില്ല | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വാല്യുവേഷൻ നടത്താതെ തുക നൽകി | 3-1 |
| 18 | മാലിന്യ സംസ്കരണ പദ്ധതി -അപാകതകൾ | 3-2 |
| 19 | മരാമത്ത് പ്രവൃത്തി-അധിക നിരക്ക് അനുവദിച്ച | 3-3 |
| 20 | മരാമത്ത് പ്രവൃത്തി-പൂർത്തീകരണ സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് | 3-4 |
| 21 | MNREGS വിവിധ പ്രവർത്തികൾക്കായി മെറ്റീരിയൽ വാങ്ങൽ നിയമാനുസൃത നികുതി ഈടാക്കിയില്ല | 3-5 |
| 22 | തെരുവു വിളക്ക് സ്ഥാപിക്കൽ -അപാകതകൾ | 3-6 |
| 23 | കൺവീനർ പ്രവൃത്തികൾ-സുതാര്യതയില്ല | 3-7 |
| 24 | പട്ടികവർഗ്ഗ ഫണ്ട് - തിരിച്ചടവ് രേഖകൾ ഹാജരാക്കിയില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. | 3-8 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും -അപാകതകൾ | 3-9 |
| 26 | ഐഎവൈ ഭവന നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-10 |

| | | |
|---|---|---|
| 27 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-11 |
| 28 | ആശ്രയ പദ്ധതി കാര്യക്ഷമമല്ല | 3-12 |
| 29 | വാടക നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല | 3-13 |
| 30 | പ്രവൃത്തി പൂർത്തീകരണം -തുക അനുവദിക്കുന്നതിൽ കാലതാമസം ഫണ്ട് ലാപ്സാകുന്നു | 3-14 |
| 31 | സ്ട്രീറ്റ് ടാപ്പ് -വെള്ളക്കരം സംയുക്ത പരിശോധന സംബന്ധിച്ച് | 3-15 |
| 32 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച് | 3-16 |
| 33 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചില്ല | 3-17 |
| 34 | സ്കൂളുകൾക്ക് ഫോട്ടോകോപ്പിയർ കം സ്കാനർ വാങ്ങൽ-ക്രമപ്രകാരമല്ല | 3-18 |
| 35 | സംയുക്ത പ്രോജക്റ്റ് -ചെലവഴിക്കാത്ത തുക തിരിച്ചടവാക്കണം | 3-19 |
| 36 | ആശ്രയ പദ്ധതി മുഖേനയുള്ള വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-20 |
| 37 | സാനിറ്ററി യൂനിറ്റിന് ധനസഹായം-വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരികരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 3-21 |
| 38 | കുടിവെള്ള വിതരണം-(വരൾച്ച ദുരിതാശ്വാസ പദ്ധതി) നികുതി ഈടാക്കിയിട്ടില്ല | 3-22 |
| 39 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയിൽ വൻ കുറവ് | 3-23 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 43 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 50 | Audit Certificate | 2 |
| 51 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 |
| 52 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 |
| 53 | ബാലൻസ് ഷീറ്റ് | 5 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 04.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 26.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 25.8.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്ക് -ന്യൂനതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3)പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ, മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3).അക്രുവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

4).2015-16 വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തു നികുതി, ലൈബ്രറി സെസ് കുടിശ്ശിക 20,31,299രൂപ; 74,257രൂപ എന്നിങ്ങനെയാണ്. എന്നാൽ 2016-17ലെ 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി, ലൈബ്രറി സെസ് എന്നിവയുടെ ഡിമാന്റ് യഥാക്രമം 46,05,119രൂപ ; 2,37,287രൂപ എന്നുമാണ്.

5).2016-17 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി, ലൈബ്രറി സെസ് കുടിശ്ശിക യഥാക്രമം 47,06,522രൂപ; 2,42,345 രൂപ എന്നാണ്. വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം പ്രസ്തുത കുടിശ്ശിക യഥാക്രമം 33,64,326രൂപ; 2,71,126രൂപ എന്നിങ്ങനെയാണ്.

6).ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 3,08,560/-രൂപ ബാധ്യതയാക്കി നിലനിർത്തിയിട്ടുണ്ട്.

7). മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബ്രിഡ്ജ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

| അക്കൗണ്ട് നമ്പർ/ബാങ്ക് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 31.03.2017ലെ നീക്കിയിരിപ്പ് |
|---|---|---|
| 40623101008337/കേരള ഗ്രാമീണ ബാങ്ക്, കുട്ടിലങ്ങാടി. | വി.ഇ.ഒ | 57,321 രൂപ |

| | | |
|---|---|---|
| 40623101008328/കേരള ഗ്രാമീണ ബാങ്ക്, കുട്ടിലങ്ങാടി. | വി.ഇ.ഒ | 14,776രൂപ |
| 57027155293/എസ്.ബി.ടി.മലപ്പുറം സിവിൽ സ്റ്റേഷൻ | കൃഷി ഓഫീസർ | 78,851രൂപ |

8).ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)പ്രകാരം എം.എൻ.ആർ.ജി.എസ്. ചെലവ് 18017015 രൂപയാണ്. എന്നാൽ സാക്ഷ്യപ്പെടുത്തിയ എം.എൻ.ആർ.ഇ.ജി.എസ്. രേഖകൾ പ്രകാരം ചെലവ് 18043465രൂപയാണ്. (26450 രൂപയുടെ വ്യത്യാസം)

9).സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 2,50,000/-രൂപ, ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 1,50,000രൂപ, 19,494 രൂപയും പൈകയുടെ 3,40,000 രൂപയും മുൻ വർഷങ്ങളിലുൾപ്പെടെ ബാലൻസ് ഷീറ്റ് (B-4) പ്രകാരം ബാധ്യതയായി നിലനിറുത്തിയിട്ടുണ്ട്.

10). B-15 ഷെഡ്യൂൾ പ്രകാരം 41,402 രൂപ കെട്ടിട വാടക കുടിശ്ശിക ലഭിക്കാനുണ്ട്. 2015-16 വർഷവും അതേ തുക ലഭിക്കാനുണ്ട്. എന്നാൽ വാടക രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ കൃത്യത ഉറപ്പില്ല.

11).ACRപ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് അലോട്മെന്റ് തുക 35,01,774 രൂപയാണ്. എന്നാൽ ചെലവ് 35,45,818 രൂപയാണ്. 44044രൂപ കൂടുതൽ ചെലവ് നടത്തിയിട്ടുണ്ട്.

12).മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ Other recoveries വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

13).2015-16 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശികയില്ല. എന്നാൽ 11603101867/13.07.2016 രശീതി പ്രകാരം 1,440/-രൂപ; 11603101692/01.07.2016 രശീതി പ്രകാരം 2,160/-രൂപ, 11603101693/ 01.07.2016 രശീതി പ്രകാരം 2,760/- രൂപ 2015-16 വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട്.

14).ഷെഡ്യൂൾ B-14 പ്രകാരം 12,686രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. എന്നാൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10505489 |
| വരവ് | 58365166 |
| ആകെ | 68870655 |
| ചെലവ് | 54032940 |
| നീക്കിയിരിപ്പ് | 14837715 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കി ബാക്കി 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12783883 | 12783883 | 12561939 | 221944 | 98% | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3837144 | 3837144 | 3835076 | 2068 | 99% | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 40341 | 40341 | 40341 | 0 | 100% | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9421755 | 9421755 | 3207001 | 6214754 | 34% | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3501774 | 3501774 | 3545818 | 44044 | 100% | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7170102 | 7170102 | 6880192 | 289910 | 96% | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3939844 | 3939844 | 3928183 | 11661 | 99% | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 132 | 918473 | 918638 | 888465 | -- | 99% | 30170 |
| ബി ഫണ്ട് | 0 | 44511950 | 44511950 | 44511950 | 0 | 100% | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 56499233 | 192 | 45223637 | 0 | 47 | 80% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. ......ശതമാനം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1727980 | 1925240 | 197260 | (+)11.4% |
| നികുതിയേതര വരവുകൾ | 1974847 | 3868971 | 1894124 | (+)95.9% |
| മറ്റുവരവുകൾ | 300905 | 295230 | 5675 | (-)1.8% |
| ആകെ | 4003732 | 6089441 | 2085709 | (+)52% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 206520 | 123 |
| കർഷക തൊഴിലാളി പെൻഷൻ | 2704080 | 980 |
| വിധവാ പെൻഷൻ | 15625740 | 4855 |
| വാർദ്ധക്യകാല പെൻഷൻ | 20353580 | 5408 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4602230 | 1389 |
| അവിവാഹിത പെൻഷൻ | 569800 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.8.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27123/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-തെരുവു വിളക്കുകളുടെ രജിസ്റ്റർ, സബ്സിഡിയറി ക്യാഷ് ബുക്ക് രജിസ്റ്റർ, ഇലക്ട്രോണിക്ക്സ് സ്റ്റോക്ക് രജിസ്റ്റർ, പഞ്ചായത്ത് കെട്ടിടങ്ങളുടെ കൺസ്യൂമർ നമ്പർ അടിസ്ഥാനത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മേൽനോട്ടം, ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ കാര്യക്ഷമമാക്കേണ്ടതാണ്. ഓഫീസ് യോഗങ്ങൾ, ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ മുതലായവ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.2017-23.6.2017 | 1/2017-4/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24-9-2016 ൽ സർക്കാർ ഉത്തരവ് നമ്പർ 576/ഡി

സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1 വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരിബാഗുകളിൽ മാത്രമെ വിതരണം ചെയ്യാൻ പാടുള്ളു.

2 പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3 വില്പന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണം.

4 ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5 പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗത്തിന്റെ തോതനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6 പ്ലാസ്റ്റിക്ക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധികളിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/30-8-17 ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 ഇന്ററപ്റ്റഡ് രശീതികൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രിന്റർ ഫാൾട്ട് കാരണം സാംഖ്യ രശീതി നൽകാൻ കഴിയാത്തതിനാൽ 2017 ജൂലൈ 03,04,05 തിയ്യതികളിൽ താഴെ പറയുന്ന മാന്വൽ രശീതികൾ ഉപയോഗിച്ചിട്ടുണ്ട്.

| തിയ്യതി | രശീതി വിവരം | തുക |
|---|---|---|
| 03.07.2017 | ബുക്ക് നം.:11579 (01മുതൽ 47കൂടി) | 29,398 |
| 04.07.2017 | ബുക്ക് നം.:11579 (01മുതൽ 47കൂടി) | 34,028 |
| 05.07.2017 | ബുക്ക് നം.:11579 (99മുതൽ 100കൂടി)<br>ബുക്ക് നം.:11580 (01മുതൽ 06കൂടി) | 4691 |
| | ആകെ | 54,363 |

പ്രസ്തുത ഇന്ററപ്റ്റഡ് രശീതികൾ ഓഡിറ്റു തീരുന്ന ദിവസം (31.08.2017) വരെയും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-3 മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള മൊബൈൽ ഫോൺ ടവർ- അനുബന്ധ കെട്ടിടങ്ങളുടെ 31.03.2017 വരെയുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരം ലഭ്യമാക്കേണ്ടതിന് 25/30.08.2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിവരം ലഭ്യമാക്കുകയുണ്ടായില്ല. മൊബൈൽ ടവർ കെട്ടിടങ്ങളുടെ വസ്തു നികുതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തുന്നതിൽ ബന്ധപ്പെട്ട കമ്പനികൾ വീഴ്ച വരുത്തുന്നത് പതിവാക്കിയിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന വസ്തുവിന്റെ ഉടമയിൽ നിന്നും പാട്ടത്തിന് എടുത്ത ഭൂമിയിൽ, വിദൂര പട്ടണങ്ങളിലെ ഓഫീസ് മേൽവിലാസം പ്രകാരം നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്ന ഈ കമ്പനികൾ പിന്നീട് മേൽവിലാസം മാറ്റുകയും പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ആയതിനാൽ വസ്തു നികുതി ഡിമാന്റ് നോട്ടീസുകൾ ബന്ധപ്പെട്ട കമ്പനികൾ കൈപ്പറ്റാതെ തിരിച്ചു വരുന്നതും പതിവാണ്.

ഗ്രാമ പഞ്ചായതതിൽ നിലവിലുള്ള മുഴുവൻ ടവറുകളുടെയും വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി ഇവയെ കൃത്യമായി നിരീക്ഷിക്കാനും നടപടി സ്വീകരിച്ചിട്ടില്ല. വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ടവറുകളുടെ പ്രവർത്തനം തടയുന്നതിനും ഗ്രാമ പഞ്ചായത്ത് നിയമപരമായ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും വിവരം ശേഖരിച്ച്, അവയിൽ അനധികൃതമായുള്ളവ അടച്ചു പൂട്ടാനും വസ്തു നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവയിൽ നിന്ന് നികുതി വസൂലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഒടുക്കാത്ത വ്യക്തികളും സ്ഥാപനങ്ങളും

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് അവയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | MMSHസ്കൂൾ, കൊഴിഞ്ഞിൽ | 1st &2nd |
| 2 | ക്ഷീരോത്പാദന സഹകരണ സംഘം, പടിഞ്ഞാറ്റുമ്മുറി | 1st &2nd |
| 3 | പടിഞ്ഞാറ്റുമ്മുറി എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് വെൽഫയർ കോ ഓപ്പ് സൊസൈറ്റി | 1st &2nd |
| 4 | ഫള്ഫരി ഇംഗ്ലീഷ് സ്കൂൾ, പടിഞ്ഞാറ്റുമ്മുറി | 1st &2nd |

| | | |
|---|---|---|
| 5 | FOH സ്കൂൾ, പടിഞ്ഞാറ്റുമ്മുറി | 1st &2nd |
| 6 | FOHSസ്കൂൾ, പടിഞ്ഞാറ്റുമ്മുറി | 1st &2nd |
| 7 | ഫള്ഫരി ടീച്ചർ ട്രെയിനിംഗ് സെന്റർ, പടിഞ്ഞാറ്റുമ്മുറി | 1st &2nd |
| 8 | പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ | 1st &2nd |

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മറ്റു പ്രൊഫഷനൽസിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ടെലികോം ഓഫീസ് (ബി.എസ്.എൻ.എൽ) | 1st &2nd |
| 2 | മുത്തൂറ്റ് ഫിൻകോർപ്പിലെ 3 കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ്സ് | 2nd |
| 3 | ഇലാജ് ഹെർബൽ റിസർച്ച് റെമഡീസ് | 1st &2nd |
| 4 | ബാങ്കുകളിലെ ഡെയ്‌ലി കളക്ഷൻ ഏജന്റ്സ് | 1st &2nd |
| 5 | ശ്രീമതി.ആയിഷ.എ.എം, HSA, ജി എച്ച്.എസ്., മങ്കട, പള്ളിപ്പുറം | 2nd |
| 6 | ശ്രീമതി.സുധ.പി, ആയ:ഗ്രേഡ്IV, ബ്ലൈൻഡ് സ്കൂൾ, മങ്കട പള്ളിപ്പുറം | 2nd |
| 7 | പഞ്ചായത്ത് പരിധിയിൽ ജോലിയെടുക്കുന്ന കോൺട്രാക്ടർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, തുടങ്ങിയ പ്രഫഷണൽസ്. | 1st &2nd |

നിയമനാംഗീകാരം ലഭിച്ചില്ല, നികുതി ഒടുക്കിയിട്ടില്ല.

പറമ്പാട്ടുപറമ്പ് AMLPS ലെ ശ്രീ.പി.ആർ.രാജേഷ്., എൽ.പി.എസ്.എ യ്ക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം തടയപ്പെട്ടിരിരിക്കുന്നു. ആയതിനാൽ ശ്രീ.രാജേഷ് തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ശമ്പളം ലഭിച്ച് തുടങ്ങിയാൽ ബന്ധപ്പെട്ട മുൻ അർദ്ധ വർഷങ്ങളിലുൾപ്പെടെയുള്ള മുഴുവൻ നികുതിയും ഈടാക്കേണ്ടതുണ്ട്.

പരാമർശിച്ച വ്യക്തികളും സ്ഥാപനങ്ങളും ബന്ധപ്പെട്ട നികുതി യഥാർത്ഥത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതിന് 27/30.08.2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 ലൈബ്രറി സെസ് അടവാക്കിയില്ല

20.09.2005ലെ 10088/എൽ.3/05/ത.സ്വ.ഭ.വ. നമ്പർ സർക്കാർ സർക്കുലർ പ്രകാരം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് 2 ഗഡുക്കളായി (ആദ്യ ഗഡു ഏപ്രിൽ 30നകം, രണ്ടാം ഗഡു നവമ്പർ 30നകം) ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കണം. ആയതിൽ വരുത്തുന്ന വീഴ്ചയ്ക്ക്

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയാകുന്നതും വീഴ്ച വരുത്തിയ കാലയളവിലെ പിഴപ്പലിശ ഒടുക്കാൻ സെക്രട്ടറി ബാധ്യസ്ഥനാകുന്നതുമാണെന്ന് സർക്കുലർ വ്യക്തമാക്കിയിട്ടുള്ളതാണ്.

'സഞ്ജയ' സോഫ്റ്റ്‌വെയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തെ വസ്തു നികുതി കളക്ഷൻ 4034763 രൂപയും ലൈബ്രറി സെസ് കളക്ഷൻ 205691 രൂപയുമാണ്. പിരിച്ചെടുത്ത ലൈബ്രറി സെസ് നാളിതു വരെ സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കിയതായി കാണുന്നില്ല.

ലൈബ്രറി സെസ് ഒടുക്കു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വാല്യുവേഷൻ നടത്താതെ തുക നൽകി

2016-17-ൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് എൽ.ഇ.ഡി ലൈറ്റ് (5x120 വാട്ട്സ് എൽ.ഇ.ഡി) സ്ഥാപിക്കുന്നതിന്ന് വേണ്ടി ലോക ബാങ്ക് ഫണ്ട് ഉപയോഗപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് കേരള പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രിക്കൽ വിഭാഗം), മലപ്പുറം ജില്ല എസ്റ്റിമേറ്റ് തയ്യാറാക്കി (ടെക്ക്നിക്കൽ അനുമതി നം-92/ELSM/2016-17/1.12.2016 തുക -190000/-നിരക്ക്) സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള 7 പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ 7 പ്രോജക്ടുകളും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (169000/-നിരക്കിൽ) രേഖപ്പെടുത്തിയ അലുമിന ഇലട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിന് പ്രവൃത്തി എൽപ്പിക്കുകയും തുക താഴെ പറയും പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽനം/തീ |
|---|---|---|---|
| 239/16-17-മൊട്ടമ്മൽ ടൗൺ | 169000 | 169000 | 187/16-17/27.2.17 |
| 240/16-17-മങ്കട, പള്ളിപ്പുറം | 169000 | 169000 | 188/16-17/27.2.17 |
| 241/16-17-കുളപ്പറമ്പ് ടൗൺ | 169000 | 169000 | 189/16-17/27.2.17 |
| 242/16-17-പെരിന്താറ്റിരി | 169000 | 169000 | 190/16-17/27.2.17 |
| 243/16-17-പാറടി ടൗൺ | 169000 | 169000 | 191/16-17/27.2.17 |
| 244/16-17-വാഴക്കാട്ടിരി | 169000 | 169000 | 192/16-17/27.2.17 |
| 245/16-17-കട്ടപ്പുറം ടൗൺ | 169000 | 169000 | 193/16-17/27.2.17 |

രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1.ഒരേ എസ്റ്റിമേറ്റുള്ള 7 പ്രവൃത്തികൾക്ക് ഒരു പ്രോജക്ട് ആക്കാതെ 7 പ്രോജക്ട് ആക്കിയത് സർക്കാർ ഉത്തരവ് (പി)524/2015/ധനം/17.11.16 പ്രകാരമുള്ള ഇലക്ട്രോണിക് ടെണ്ടർ ഒഴിവാക്കുന്നതിന് വേണ്ടിയാണ്.

2. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയപ്പോൾ കേരള പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രിക്കൽ വിഭാഗം), മലപ്പുറം ജില്ലയുടെ കത്ത് (കത്ത് നം-ഇ.എൽ.ഡി.ബി 843/2016 /24.11.2016) പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിററി ലൈസൻസിങ് ബോർഡ് ലൈസൻസുള്ള പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നും മാത്രമേ ദർഘാസുകൾ ക്ഷണിക്കാവൂ എന്ന് നിർദ്ദേശിച്ചതാണ്. എന്നാൽ ടെണ്ടർ നേടിയ അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിന് അത്തരത്തിൽ ലൈസൻസുള്ളതായി രേഖ ഹാജരാക്കിയിട്ടില്ല.

3.അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനം ഹാജരാക്കിയ രജിസ്ട്രേഷൻ സംബന്ധിച്ച രേഖ പ്രകാരം ടി സ്ഥാപനത്തിന് ഫോറം 8 പ്രകാരം ഡീലർ, മാനുഫാക്ചേർസ് അനുമതിയുള്ള രജിസ്ട്രേഷൻ ആണ് ഉള്ളത്. ആയത് ഹൈമാസ്റ്റ് ലൈറ്റ് വിതരണത്തിന് മാത്രമുള്ളതാണ്. വർക്സ് കോൺട്രാക്ടിൽ പങ്കെടുക്കുന്നതിനുള്ള ലൈസൻസ് (വർക്ക്സ് കോൺട്രാക്ടിൽ പങ്കെടുക്കുന്നതിന് ഫോറം 1- E പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്) ഹാജരാക്കിയിട്ടില്ല.

4. കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രിക്കൽ വിഭാഗം) ന്റെ എസ്റ്റിമേറ്റ് പ്രകാരം തുക നൽകുന്നതിന് ക്ഷമതയുള്ള എൻജിനിയറിങ് വിഭാഗത്തിന്റെ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി "മെമ്മോ ഓഫ് പെയ്മെന്റ്" സാക്ഷ്യപ്പെടുത്തിയ അളവ് പുസ്തകം ഹാജരാക്കേണ്ടതുണ്ട്. ആയത് ഹാജരാക്കിയിട്ടില്ല. (ജി.ഒ (ആർ.ടി)2878/2015/ത.സ്വ.ഭ.വ /15.10.5015 പ്രകാരം ജില്ല പഞ്ചായത്ത് എക്സി.എൻജിനിയർ കൺവീനറായിട്ടുള്ള 3 അംഗ എക്സ്പെർട്ട്സ് കമ്മിററി രൂപീകരിച്ച് അവരുടെ മേൽനോട്ടത്തിലാണ് ചെക്ക് മെഷർ ചെയ്യേണ്ടിയിരുന്നത്)

5.ഗ്രാമ പഞ്ചായത്തിലെ മറ്റ് പബ്ലിക്ക് വർക്ക്സ് എല്ലാം അസി.എൻജിനിയർ ആണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഈ 7 പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണം നടത്തുനാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

6.അലുമിന ഇലട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ പാൻകാർഡ് കോപ്പി ഹാജരാക്കിയിട്ടില്ല

6.പഞ്ചായത്ത് ഭരണസമിതിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

7.K.S.E.B യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല.

8.വർക്ക്സ് കോൺട്രാക്ട് പ്രകാരം സോഴ്സിൽ നിന്നും ഈടാക്കേണ്ട നികുതികൾ ഈടാക്കി ഒടുക്കിയ (വാററ്, ആദായ നികുതി, ക്ഷേമ നിധി) ചലാനുകൾ/ (ട്രഷറി റിക്കവറി ) രേഖ ഹാജരാക്കിയിട്ടില്ല .

9.അലുമിന ഇലട്രോണിക്സ്, മലപ്പുറത്തിന് തുക നൽകുന്നതിന് സമർപ്പിച്ച വാല്യൂവേഷൻ ഇല്ലാത്ത ബില്ല് പ്രാകാരം “5x120 wattsLED with poles” എന്ന് മാത്രം രേഖപ്പെടുത്തിയ ടാക്സ് ഇൻവോയിസ്സ് മാത്രമാണ് ഫയലിലുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തൽ ഇല്ല.

ഈടാക്കേണ്ടിയിരുന്ന നികുതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

വാറ്റ് 169000 x7x12.5 % = 147875/- (CST രജിസ്ട്രേഷൻ ഇല്ല )

ആദായ നികുതി 169000 x7x2.5 % =29575 /- (കമ്പനി രജിസ്ട്രേഷൻ ആണ് )

ക്ഷേമ നിധി 169000 x7x1 % = 11830/-

ആകെ =189280/-

മേൽ നടപടിക്രമങ്ങൾ പാലിക്കാതെ അല്യൂമിന ഇലക്ട്രോണിക്സ്, മലപ്പുറത്തിന് തുക നൽകിയത് ക്രമപ്രകാരമല്ല. നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും 1183000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറിക്ക് (1/16-17/21.8.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 മാലിന്യ സംസ്കരണ പദ്ധതി -അപാകതകൾ

മാലിന്യനിർമ്മാർജ്ജനത്തിന്ന് പഞ്ചായത്ത് കാര്യമായ പരിഗണനയാണ് നൽകിയിട്ടുള്ളത്. ആയത് പൊതുജന പങ്കാളിത്തത്തോടെ വിജയിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിററ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 257/16-17 | അടങ്കൽ | 1124684/- |
| കോൺട്രാക്ടർ | നിറവ്, കോഴിക്കോട് | എഗ്രിമെൻറ് നം | |
| എം ബുക്ക് | - | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | 65/16-17/18.3.17 | തുക | 143020/- |
| ബിൽ നം | 66/16-17/30.3.17 | തുക | 486000/- |
| ബിൽ നം | 71/16-17/30.3.17 | തുക | 249439/- |
| ബിൽ നം | 60/16-17/28.3.17 | തുക | 12285/- |
| ബിൽ നം | 62/16-17/28.3.17 | തുക | 58695/- |

ഗ്രാമപഞ്ചായത്ത് 19 വാർഡുകളിലെ ഖര മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. ടെൻണ്ടർ മുഖേന നിറവ്, കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് ശേഖരിച്ച വസ്തുക്കൾ പഞ്ചായത്തിന് പുറത്തേക്ക് കൊണ്ടുപോയി സംസ്കരിക്കുന്ന ചുമതല. 1 ലോഡ് നീക്കം ചെയ്യുന്നതിന്ന് 27,000/-നിരക്കിലാണ് കരാർ. ആയത് പ്രകാരം,

1.4,86,000/-രൂപ അനുവദിച്ചതിൽ ഈടാക്കേണ്ട 2.5% ആദായ നികുതി (പാൻ കാർഡ് കമ്പനി ഗ്രൂപ്പ്) 12150/-രൂപ ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചു. ആദായ നികുതി ഒടുക്കിയിട്ടില്ല.

2.മാലിന്യം ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന HDPE ചാക്ക് 11,364 എണ്ണം 21.95/-രൂപ നിരക്കിൽ ടെൻണ്ടർ മുഖേന അപ്സര ട്രൈനിങ് ഇൻസ്റ്റിറ്റ്യൂട്ട്, ഒറ്റപ്പാലം, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ടെൻണ്ടർ മുഖേന വാങ്ങിയ വകയിൽ നൽകിയ 2,49,439/- രൂപയുടെ ബില്ല് പരിശോധിച്ചതിൽ വാറ്റ് രജിസ്ട്രേഷൻ രേഖപ്പെടുത്താത്ത ബില്ലാണ് സ്ഥാപനം നൽകിയിട്ടുള്ളത്. നിയമാനുസൃത വാറ്റ് 4% (9978/-) ഈടാക്കി ഒടുക്കിയിട്ടില്ല. ബാഗിൻെറ ഗുണനിലവാരം സംബന്ധിച്ച് പരിശോധിച്ച് പർച്ചേസ് കമ്മിററി സാക്ഷ്യപ്പെടുത്തിയ രേഖ

ഹാജരാക്കിയിട്ടില്ല. സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖയും ഫയലിലില്ല.

3. മാലിന്യം ശേഖരിക്കുന്നതിന് തൊഴിലാളികൾക്ക് കൂലി (69880/-രൂപ), മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (73140/-രൂപ –ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ വിവിധ വ്യക്തികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്) എന്നീ തുക നൽകുന്നതിനായി പിൻവലിച്ച 143020/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ച് പണമായിട്ടാണ് വിതരണം ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. (ജി.ഒ(ആർ.ടി)1805/14/14.7.14 പ്രാകാരം തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകാൻ നിർദ്ദേശമുള്ളതാണ്).

4.ബോധവൽക്കരണത്തിൻെറ ഭാഗമായി നോട്ടീസുകൾ പ്രിന്റ് ചെയ്ത വകയിൽ 58695/-രൂപയും 12285/-രൂപയും അടക്കം 70980/-രൂപ പ്രസ്സിന് നൽകിയത് ക്രമപ്രകാരമല്ല. ബോധവൽക്കരണ പരിപാടികൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിക്കാവുന്നതല്ല. തുക നിരസിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്. ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 12150/-രൂപയും വാറ്റിനത്തിൽ ഈടാക്കേണ്ട 9978/-രൂപയും ഈടാക്കി ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിററ് എൻക്വയറിക്ക് (നം-9/16-17/24.8.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 മരാമത്ത് പ്രവൃ ത്തി-അധികനിരക്ക് അനുവദിച്ചു

താഴെ പറയുന്ന കെട്ടിടങ്ങളുടെ മുകൾ ഭാഗം ജി.ഐ. ഷീറ്റ് വിരിക്കുന്നതിനുള്ള എസ്റ്റിമേറ്റാണം തയ്യാറാക്കിയിട്ടുള്ളത്. എം.ബുക്ക്, ബില്ല് എന്നിവ പരിശോധിച്ചതിൽ 0.35 എം.എം. ജി.ഐ ട്രാഫോഡ് ഷീറ്റ് വിരിച്ചതിന് 635.10/എം2 നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ Od 18-000177/16-17 പ്രകാരം 0.35 എം.എം. ജി.ഐ ട്രാഫോഡ് ഷീറ്റിന്റെ നിരക്ക് CP & ........ ഉൾപ്പെടെ 595/എം.$^2$ ആണ്. ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

1.പ്രവൃത്തി-ജി.യു.പി സ്കൂൾ മെയിന്റനൻസ്, മങ്കട, പള്ളിപ്പുറം

| | | | |
|---|---|---|---|
| പ്രോജക്ട് നം | 152/16-17 | അടങ്കൽ | 490000/-(M.G.N.R) |
| എം ബുക്ക് | 23/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 22/16-17/31.3.17 | തുക | 490000/- |
| കോൺട്രാക്ടർ | അബ്ദുൾ ഗഫൂർ | എഗ്രിമെന്റ് | 51/16-17/8.2.17 |

ഐറ്റം നം-2 ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 257.69 എം2 വിരിച്ചതിന് 635.10 /എം2 നിരക്കിൽ 163658.93/-രൂപ അനുവദിച്ചിട്ടുണ്ട്. അനുവദനീയമായ നിരക്ക് 595/എം2 ആണ്. ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം നൽകിയ 10308/-രൂപ (40x257.69) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2.പ്രവൃത്തി-സബ്സെന്റർ അറ്റകുറ്റപ്പണി

| | | | |
|---|---|---|---|
| പ്രോജക്ട് നം | 154/16-17 | അടങ്കൽ | 200000/-(M.G.N.R) |

| | | | |
|---|---|---|---|
| എം ബുക്ക് | 51/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 55/16-17/31.3.17 | തുക | 57000/- ഫൈനൽ |
| കോൺട്രാക്ടർ | അബ്ദുൾ ഗഫൂർ | എഗ്രിമെന്റ് | 69/16-17/8.2.17 |

ഐറ്റം നം-3 ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 106.2എം2 വിരിച്ചതിന് 635 /എം2 നിരക്കിൽ 67437/-രൂപ അനുവദിച്ചിട്ടുണ്ട്. അനുവദനീയ കോൺട്രാക്ട് നിരക്ക് 595/എം2 ആണ്. ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം നൽകിയ തുക 4248/-രൂപ (40x106.2) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3.പ്രവൃത്തി-അംഗനവാടി റിപ്പയർ

| | | | |
|---|---|---|---|
| പ്രോജക്ട് നം | 185/16-17 | അടങ്കൽ | 475000/-(M.G.N.R) |
| എം ബുക്ക് | 57/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 71/16-17/31.3.17 | തുക | 475000/- |
| കോൺട്രാക്ടർ | മൊയ്തു | എഗ്രിമെന്റ് | 70/16-17/8.2.17 |

ഐറ്റം നം-4 ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 90.10 എം2 വിരിച്ചതിന് 635.10 /എം2 നിരക്കിൽ 57214/-രൂപയും ഐറ്റം നം-15 (2) ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 45.90 എം2 വിരിച്ചതിന് 635.10 /എം2 നിരക്കിൽ 29146/-രൂപയും അനുവദിച്ചിട്ടുണ്ട്. അനുവദനീയ നിരക്ക് 595/എം2 ആണ്. ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം നൽകിയ തുക യഥാക്രമം 3604/-രൂപ, 1836/-രൂപ അടക്കം 5476/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

4പ്രവൃത്തി-അംഗനവാടി റിപ്പയർ വർക്ക്

| | | | |
|---|---|---|---|
| പ്രോജക്ട് നം | 218/16-17 | അടങ്കൽ | 475000/-(M.G.N.R) |
| എം ബുക്ക് | 58/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 184/16-17/31.3.17 | തുക | 475000/- |
| കോൺട്രാക്ടർ | മൊയ്തു.കെ | എഗ്രിമെൻറ് | 71/16-17/27.2.17 |

ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട താഴെ പറയുന്ന അങ്കണവാടികളിൽ ട്രസ്സ് വർക്കിന് താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

(i) കടുപ്പുറം അങ്കണവാടിക്ക് ഐറ്റം നമ്പർ 8 ആയി 0.35 എം.എം. ജി.ഐ. ട്രാഫോഡ് ഷീറ്റ് 50.44 എം.2 വിരിച്ചതിന് 635.10/എം.2 നിരക്കിൽ 32034/- രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം നൽകിയ 2018/-രൂപ (40x50.44) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ii) പടിഞ്ഞാറുമന അംഗനവാടി ഐറ്റം നം-2ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 47.90 എം2 വിരിച്ചതിന്ന് 635.10 /എം2 നിരക്കിൽ 30421/-രൂപ അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. അധികം നൽകിയ 1916/-രൂപ (40x47.90 )ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും

ഈടാക്കേണ്ടതാണ്.

(iii) ഉന്നംതല അംഗനവാടി ഐറ്റം നം-8ആയി 0.35എം.എം ജി.ഐ ട്രാഫോഡ് ഷീറ്റ് 114.24 എം2 വിരിച്ചതിന്ന് 635.10 /എം2 നിരക്കിൽ 60026/-രൂപ അനുവദിച്ചിട്ടുണ്ട് ഈയിനത്തിൽ 40/എം2 നിരക്കിൽ അധികം നൽകിയ 4570/-രൂപ (40x114.24) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തി-പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചു കൊടുക്കുന്നത് സംബന്ധിച്ച് ജി.ഒ. (പി) 13/2012/PWD/01.02.2012 (പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012- സെക്ഷൻ 2112) പ്രകാരം കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകി പഞ്ചായത്ത് ഭരണ സമിതി അംഗീകാരം വാങ്ങി ഫൈൻ ഈടാക്കിക്കൊണ്ട് പരമാവധി പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യതവണ PAC യുടെ 1% വും തുടർന്ന് PAC യുടെ 2% വീതവും ഈടാക്കേണ്ടതുണ്ട്. ദീർഘീകരണത്തിന് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങാത്ത പക്ഷം പൂർത്തീകരണ കാലാവധിക്കു ശേഷം ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്. രേഖകളുടെ പരിശോധനയിൽ അത്തരത്തിൽ കരാറുകാരൻ അപേക്ഷിക്കുകയോ സമിതി അംഗീകാരം വാങ്ങിക്കുകയോ ചെയ്യാതെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.കാഞ്ഞിരംകുന്ന്-പാറമ്മൽ റോഡ്

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 179/16-17 | അടങ്കൽ | 275000/- |
| കോൺട്രാക്ടർ | സൈതലവി.സി | എഗ്രിമെന്റ് | 62/14-15/16.12.14 |
| എം ബുക്ക് | 99/14-15 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 31/16-17/21.3.2017 | തുക | 275000/- |

പൂർത്തീകരണ തീയ്യതി -31.3.2015 (എഗ്രിമെന്റ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -4.9.2015 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി -16.12.2014 മുതൽ 31.3.2015 വരെ (105 ദിവസം)

ദീർഘിപ്പിച്ചു നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =26 ദിവസം

യഥാസമയം അപേക്ഷ സമർപ്പിച്ചു കാലാവധി നീട്ടി വാങ്ങാതിരുന്നതിനാൽ പൂർത്തീകരണ തീയതിക്കു ശേഷം നടന്ന പ്രവൃത്തികൾക്ക് നൽകിയ തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ കരാർ പ്രകാരമുള്ള നിരക്കിൽ പിഴ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

2.ജി.എൽ.പി.സ്കൂൾ, പടിഞ്ഞാറ്റുമുറി അറ്റകുറ്റപ്പണി

| | | | |
|---|---|---|---|
| പ്രോജക്ട് നം | 138/16-17 | അടങ്കൽ | 475000/- |
| കോൺട്രാക്ടർ | ബഷീർ.എൽ.കെ | എഗ്രിമെൻറ് | 62/15-16/16.2.16 |
| എം ബുക്ക് | 87/15-16 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 4/16-17/28.10.16 | തുക | 88367/-ഫൈനൽ ബിൽ |

പൂർത്തീകരണ തീയ്യതി -31.3.2016 (എഗ്രിമെന്റ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -6.4.2016 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി -16.02..2016 മുതൽ 31.3.2016 വരെ (44ദിവസം)

ദീർഘിപ്പിച്ച് നൽകാവുന്നത് -പൂർത്തീകരണ കാലാവധിയുടെ 25% =11 ദിവസം

## 3-5 MNREGS വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയൽ വാങ്ങൽ - നിയമാനുസൃത നികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ MNREGS വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിൻെറ ഭാഗമായി കരിങ്കല്ല്, മെറ്റൽ, പാറപ്പൊടി, സിമന്റ്, കമ്പി എന്നിവ ടെൻണ്ടർ മുഖേന വാങ്ങിയതിൽ കോൺട്രാക്ടർ ബഷീർ എം.കെ യ്ക്ക് (എസ്റ്റിമേറ്റ് നിരക്ക്, വാർഡ് 6 മുതൽ 19 വരെ), കോൺട്രാക്ടർ അബൂബക്കർ (എസ്റ്റിമേറ്റ് നിരക്ക്, വാർഡ് 1 മുതൽ 5 വരെ) തുക നൽകിയതിൻെറ വിശദ വിവരം ചുവടെ ചേർക്കുന്നു. കോൺട്രാക്ട് മുഖേന മെറ്റീരിയൽ സപ്ലൈ ചെയ്തതിൽ നിയമാനുസൃതമുള്ള വാററ്, ആദായനികുതി, വെൽഫെയർ ഫണ്ട് എന്നിവ ഈടാക്കുകയോ അടവാക്കുകയോ ചെയ്തിട്ടില്ല. ഈയിനത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കുള്ള നഷ്ടം ചുവടെ ചേർക്കുന്നു. ആയത് ഈടാക്കി അടവാക്കി ചലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| പ്രവൃത്തി/ഫയൽ നം | മെറ്റീരിയൽ തുക | നികുതികൾ സംബന്ധിച്ച് | | | ബിൽനം |
|---|---|---|---|---|---|
| | | ഈടാക്കേണ്ടത് 4%+1%+1% | ഈടാക്കിയത് | കുറവ് | |
| 96/16-17-പറമ്പാട്ട് പള്ള്യാൽ റോഡ് (w-13) | 171126 | 10267 | 3427 | 6840 | 96/16-17 /27.2.17 |
| 91/16-17-പണിക്കർ കുണ്ട് റോഡ് (w-9) | 184203 | 11052 | 3684 | 7368 | 92/16-17 /27.1.17 |
| 104/16-17-കാവിൽക്കുത്ത് റോഡ് (w-19) | 172163 | 10329 | 3443 | 6886 | 104/16-17 /28.3.17 |

| | | | | | |
|---|---|---|---|---|---|
| 65/16-17ചെമ്പ്രോട്ട റോഡ് (w-2) | 134806 | 8088 | 2556 | 5532 | 40/16-17 /30.1016 |
| 103/16-17-അമ്മിപ്പടി റോഡ് (w-18) | 200694 | 12041 | 4014 | 8027 | 103/16-17 /27.2.17 |
| 107/16-17- വലിയപ്പറമ്പ് റോഡ് (w-10) | 223811 | 13428 | 4476 | 8952 | 107/16-17 /27.3.17 |
| 102/16-17- കുതിരാട്ടുമണ്ണ റോഡ് (w-17) | 8609 | 516 | 172 | 344 | 102/16-17 /27.2.17 |
| 90/16-17- ചാവറേങ്ങൽ റോഡ് (w-8) | 132477 | 7948 | 2496 | 5452 | 90/16-17 /17.1..17 |
| 88/16-17- മുണ്ടയിൽപ്പടി റോഡ് (w-6) | 206536 | 12392 | 4130 | 8262 | 88/16-17 /13.1.17 |
| 89/16-17- വെളുങ്ങേടത്ത് പറമ്പ് റോഡ് (w-7) | 149782 | 8987 | 2996 | 5991 | 89/16-17 /10.1.17 |
| 97/16-17-പാറടി റോഡ് (w-14) | 118949 | 7136 | 2379 | 4757 | 97/16-17 /7.3.17 |
| 95/16-17 കാഞ്ഞിരൊടി റോഡ് (w-12) | 210027 | 12601 | 4201 | 8400 | 95/16-17 /27.2.17 |
| 98/16-17കീരംക്കണ്ട് റോഡ് (w-15) | 53206 | 3192 | 1064 | 2128 | 98/16-17 /6.2.17 |
| 67/16-17-പട്ടിയിൽ പറമ്പ്റോഡ് (w-4) | 180871 | 10852 | 3617 | 7235 | 39/16-17 /10.11.16 |
| 66/16-17 -പട്ടത്ത്എലമ്പുലാ ക്കാട് റോഡ് (w-3) | 234622 | 14077 | 4692 | 9385 | 41/16-17 /25.10.16 |
| 94/16-17 ടി.കെ റോഡ് (w-11) | 180769 | 10846 | 3615 | 7231 | 68/16-17 /2.2.17 |
| 101/16-17 കടക്കുർ | 69602 | 4176 | 1392 | 2784 | 101/16-17 /24.3.17 |

| | | | | | |
|---|---|---|---|---|---|
| റോഡ് (w-16) | | | | | |
| 68/16-17 മേലേപ്പള്ളിപ്പുറം റോഡ് (w-5) | 160261 | 9615 | 3205 | 6410 | 38/16-17 /10.11.16 |
| 64/16-17-വെള്ളംക്കൊള്ളിപ്പടം റോഡ് (w-1) | 218378 | 13102 | 4368 | 8734 | 37/16-17 /13.10.16 |
| 99/16-17 ഉമ്മാട്ടുകുളമ്പ് റോഡ് (w-15) | 189322 | 11359 | 3787 | 7572 | 99/16-17 /21.2.17 |
| 100/16-17-ഉപ്പൂടൻപ്പടി റോഡ് (w-16) | 36152 | 2169 | 723 | 1446 | 100/16-17 /30.3.17 |
| ആകെ | 3236366 | ആകെ കുറവ് | | 129736 | |

## 3-6 തെരുവു വിളക്ക് സ്ഥാപിക്കൽ -അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 62/16-17 | അടങ്കൽ | 400000/- |
| കോൺട്രാക്ടർ | ഇൻടെക്സ് ഇലക്ട്രോണിക്സ് | എഗ്രിമെൻറ് | ഇല്ല |
| എം ബുക്ക് | - | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | 210/16-17/17.3.17 | തുക | 350000/- |
| ചെക്ക് നം | 040593/31.3.17 | തുക | 49048/-തനത് |

312 എണ്ണം (11x2 w) C.F.L ലൈറ്റുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിന് ടെൻണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇൻടെക്സ് ഇലക്ട്രോണിക്സ്, പയ്യനാട് മലപ്പുറം എന്ന സ്ഥാപനത്തിന് തുക നൽകി .

അപാകതകൾ ചുവടെ ചേർക്കുന്നു

1.എഗ്രിമെന്റ് ഫയലിലില്ല

2.സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല

3.K.S.E.B യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല
4.വിതരണം ചെയ്ത C.F.L ലൈറ്റുകൾക്ക് ഗ്യാരന്റിയില്ല

ആയത് ഹാജരാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-7 കൺവീനർ പ്രവൃത്തികൾ-സുതാര്യതയില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം | 248/16-17 | അടങ്കൽ | 400000/- |
| കൺവീനർ | ബാബു മാത്തൊടി | എഗ്രിമെൻറ് | 13/14-15/24.12.16 |
| എം ബുക്ക് | 126/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 12/16-17/3.2.17 | തുക | 384984/- |

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ഭൂരിഭാഗം പ്രവൃത്തികളുടെയും കൺവീനർ കണക്കുകൾ ഹാജരാക്കിയിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും വിശ്വസനീയവും സത്യസന്ധവുമല്ല. പെരുപ്പിച്ച ചെലവ് കണക്കുകളാണ് കൺവീനർമാർ ഹാജരാക്കിയിട്ടുള്ളത് [മിക്ക കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ അധികം സിമന്റ് വാങ്ങിയതായി കാണിച്ച് കൊണ്ടുള്ള ടിൻ നമ്പർ ഇല്ലാത്ത ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ഒന്നും തന്നെ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. പൂർത്തീകരണശേഷം പാസ്ബുക്ക് ക്ലോസ് ചെയ്ത് തിരിച്ചേൽപ്പിച്ചിട്ടില്ല. കൺവീനർമാർ ആരും തന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

കൺവീനർ പ്രവൃത്തികൾ എല്ലാം തന്നെ കൺവീനർമാരുടെ നേരിട്ടുള്ള ഇടപെടൽ ബോദ്ധ്യപ്പെടുത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഗണ്യമായ തുക

ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത്. അപാകതയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ പ്രവർത്തികളുടെ താഴേപ്പറയുന്ന ധന വിനിയോഗ രേഖകൾ ഓഡിററിന് ഹാജരാക്കേണ്ടതാണ്

1.ഗുണഭോക്തൃ കമ്മറ്റി രൂപീകരണം സംബന്ധിച്ച രേഖകൾ
2.ആയത് അംഗീകരിച്ച പഞ്ചായത്ത് തീരുമാനം
3.ജോയിന്റ് അക്കൗണ്ട് പാസ്സ് ബുക്ക് (ക്ലോസ്സ് ചെയ്തത്)
4.കണക്ക് അവതരിപ്പിച്ച് അംഗീകരിച്ച മിനിറ്റ്സ് ബുക്ക്
5.കമ്മറ്റിയുടെ പാൻകാർഡ് കോപ്പി
6.കമ്മിറ്റിയുടെ ഐ.ഡി കാർഡ് കോപ്പി
7.പർച്ചേസ് ബില്ലുകൾ (ടിൻ നമ്പറോട്ടു കൂടിയത് )
8.മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തിയത്

തുക 384984/- തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച ഓഡിററ് എൻക്വയറിക്ക് (നം-19/16-17 /26.8.17)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 പട്ടികവർഗ്ഗ ഫണ്ട് - തിരിച്ചടവ് രേഖകൾ ഹാജരാക്കിയില്ല.തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പട്ടിക വർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിനായി കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന് 2016-17 വർഷത്തിൽ 40341 രൂപ വകയിരുത്തിയിരുന്നു. എന്നാൽ പട്ടിക വർഗ്ഗക്കാർ പഞ്ചായത്തിൽ ഇല്ലെന്ന ഐടിഡിപി പ്രോജെക്ട് ഓഫീസർ, നിലമ്പൂരിന്റെ 20-2-17 ലെ 1155/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് ടി.എസ്.പി.യിൽ നിന്നും മേൽ തുക താഴെ പറയും പ്രകാരം പിൻവലിച്ചിട്ടുണ്ട്. (പ്രോജെക്ട് നമ്പർ SO220/17)

ബിൽ നമ്പർ-12/16-17 തി.14-3-17 - 40000 രൂപ

ബിൽ നമ്പർ-13/16-17 തി.14-3-17 - 341 രൂപ

ആകെ - 40341 രൂപ

മേൽ തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/24-8-17 ന് മറുപടി ലഭ്യമാക്കിയില്ല. തുക യഥാസമയം തിരിച്ചടച്ച രേഖകൾ ഹാജരാക്കുന്നതുവരെ 40,341 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കാണുന്നു.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും -അപാകതകൾ

വർഷം- 2016-17

പ്രോജെക്ട് നമ്പർ - 55/17

വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും

അടങ്കൽ-492000 (വികസനഫണ്ട് എസ് സി പി)

നിർവഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ-3/16-17 തി.18-10-16 പ്രകാരം വികസന ഫണ്ടിൽ നിന്നും 489456 രൂപ പിൻവലിക്കുകയും കിഡ്സ് ക്യാമ്പ്, ബ്രദേഴ്സ് ആർക്കേഡ്, ഡൗൺഹിൽ മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം പഠനമേശകളും കസേരകളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നംമ്പർ | ഉപകരണം | എണ്ണം | ഒരു യൂനിറ്റിന്റെ വില | ആകെ | വാറ്റ് | ആകെ വില | കുറവ് വരുത്തിയത് |
|---|---|---|---|---|---|---|---|---|
| 1 | 21/7-10-16 | പഠനമേശ | 144 | 2577 | 371088 | 53808 | 424800 | 96 |
| 2 | 20/5-10-16 | ഫൈബർ ചെയർ നീൽകമൽ | 144 | 392.20 | 56477 | 8189 | 64656 | 10 |
| | | | | | ആകെ | | 489456 | |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല</u>

പ്രോജെക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1 ഗുണഭോക്താക്കളുടെ അപേക്ഷ

2 സ്കൂൾ അധികൃതർ നൽകുന്ന സാക്ഷ്യപത്രം

3തിരിച്ചറിയൽ രേഖ

4 പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം മുമ്പ് ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം

5 ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്ത രേഖകൾ

6 ഗ്രാമസഭ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്

7 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ്

കുറഞ്ഞ ടെൻഡർ നൽകിയ സ്ഥാപനത്തെ മറികടന്ന് കൂടുതൽ വില രേഖപ്പെടുത്തിയ സ്ഥാപനത്തെ തെരഞ്ഞെടുത്തു.

ഏഴോളം സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കുകയുണ്ടായി. ആയതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മേലങ്ങാടി ടിമ്പേഴ്സ് കാവനൂർ, എന്ന സ്ഥാപനത്തെ മറികടന്നാണ് കിഡ്സ് ക്യാമ്പ് മലപ്പുറത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ആയതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഒരു യൂണിറ്റിന് 908 രൂപ നിരക്കിൽ അധിക തുക നൽകിയിട്ടുണ്ട്. ആകെ നൽകിയ അധിക തുക 144 x 908 = 1,30,752 രൂപ തിരിച്ചടക്കേണ്ടതാണ്.

മേൽ വിവരങ്ങൾ രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/25-8-17 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ശേഷിക്കുന്ന 3,58,704 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ഐ.എ.വൈ ഭവന നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഐ.എ.വൈ ഭവന നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം (പട്ടികജാതി സ്പിൽ ഓവർ) 2,40,000 രൂപ ബിൽ നമ്പർ 4/16-17 തി.25-10-16 പ്രകാരം വികസനഫണ്ട് എസ് സി പിയിൽ നിന്നും പിൻവലിക്കുകയും മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. (ഡിഡി നമ്പർ 181188/26-10-16). 12 ഗുണഭോക്താക്കളുടെ വിഹിതം 20000 രൂപ വീതമായാണ് മേൽ തുക കൈമാറിയിട്ടുള്ളത്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/24-8-17 ന് മറുപടി ലഭ്യമാക്കിയില്ല. 2,40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു.

പ്രോജെക്ട് നമ്പർ 212/17 ക്ഷീരസഹകരണ സംഘത്തിന് സ്റ്റെയിൻലെസ്സ് സംഭരണി നൽകൽ പ്രകാരം തനത് ഫണ്ടിൽ നിന്നും 4950 രൂപ പിൻവലിക്കുകയും (ചെക്ക് നമ്പർ 1708713/23-3-17) പടിഞ്ഞാറ്റുംമുറി ക്ഷീരോല്പാദക സഹകരണ സംഘത്തിന് സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. മിൽമ പി ആന്റ് ഐ സ്റ്റോർ നിലമ്പൂരിൽ നിന്നും 2641 രൂപ വില വരുന്ന അഞ്ച് അലുമിനിയം കാനുകളാണ് സഹകരണ സംഘം വാങ്ങിയിട്ടുള്ളത്. ആകെ ചെലവ് 13205 രൂപ. (ഇൻവോയ്സ് നമ്പർ 1/99തി.23-5-17). മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 നിർവഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർ സംഭരണി വാങ്ങിയ ഏജൻസിയുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം പടിഞ്ഞാറ്റുംമുറി ക്ഷീരോല്പാദക സഹകരണ സംഘത്തിന് നേരിട്ട് പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

2 സ്റ്റോക്ക് രജിസ്റ്റർ, ടി ആർ 7 എ കാഷ്ബുക്ക്, പ്രോജെക്ട് രജിസ്റ്റർ എന്നീ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 20/26-8-17 പ്രകാരം ഓഡിറ്റ് എൻക്വയറി

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 4950 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 ആശ്രയ പദ്ധതി കാര്യക്ഷമമല്ല

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അഗതികളുമായ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി ആശ്രയ പദ്ധതി. അഗതികളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ പരിചരണ സേവന പാക്കേജ് തയ്യാറാക്കുന്നതിനും വിശദമായ മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 10-ാം പഞ്ചവത്സര പദ്ധതി മുതൽ (2007-12) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ ഒരു പ്രോജക്ടുണ്ടായിരിക്കണമെന്നും, ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ചുമതലയാണെന്നും, ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കു വേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകണമെന്നും മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിരുന്നു.

ഗ്രാമപഞ്ചായത്ത് അഗതികളുടെ പുനരധിവാസത്തിനായി ഒന്നാം ഘട്ടത്തിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. 2007-08 വർഷം ആരംഭിച്ച് മൂന്ന് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന 55 കുടുംബങ്ങളെ സർവ്വേയിലൂടെ കണ്ടെത്തി (ഒന്നാം ഘട്ടം) അവരുടെ വിഷമതകളെ പ്രത്യേകം മനസ്സിലാക്കി പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനുമാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ ലക്ഷ്യമിട്ടിരുന്നത്. ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തിന്ന് കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ 81 കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിനുമാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ ലക്ഷ്യമിടുന്നത്.

മേൽ പറയും പ്രകാരം അടങ്കലുള്ള കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതല്ലാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന സി.ഡി.എസ്സും ഗ്രാമപഞ്ചായത്ത് അധികൃതരും നടപടി സ്വീകരിച്ചിട്ടില്ല. നിലവിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം, 12 വീടുകൾ നൽകിയത് ഒഴിച്ചാൽ മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങളും നാളിതുവരെ നടത്തിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം നിർബന്ധിത വകയിരുത്തൽ നടത്തേണ്ടിയിരുന്ന പ്രോജക്ട് ആയിട്ടും 2007-08 മുതൽ 2016-17 വരെ കാലയളവിലെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ആശ്രയ പദ്ധതിക്കായി തുക വകയിരുത്തിയത് പര്യാപ്തമല്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ (അക്കൗണ്ട് നം-3104 ൽ 800113/- രൂപയും അക്കൗണ്ട് നം-5992 ൽ 410673/-രൂപയും അക്കൗണ്ട് നം-754 ൽ 226280/-രൂപയും ) നീക്കിയിരിപ്പുണ്ട്. ആയതിൻെറ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

സമുഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി സർക്കാർ വിഭാവനം ചെയ്ത പദ്ധതി വേണ്ടവിധം നടപ്പിലാക്കാതെ ഈ ആവശ്യത്തിനുള്ള ഫണ്ട് ബാങ്കിലിട്ട് സി.ഡി.എസ്. പലിശ വാങ്ങുക മാത്രമാണ് ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. പദ്ധതി നടത്തിപ്പിൽ വീഴ്ച വരാനുണ്ടായ കാരണവും ആയതിന്

ഉത്തരവാദികൾ ആരെല്ലാം എന്നത് സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആശ്രയ പദ്ധതി കാര്യക്ഷമമാക്കാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വാടക നൽകൽ -ആദായനികുതി ഈടാക്കിയിട്ടില്ല.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി.എം.യു.പി സ്കൂൾ മങ്കട, പള്ളിപ്പുറത്തിന്റെ ഉടമ ശ്രീ.കെ.വി മൊയ്തീൻകുട്ടി എന്നയാൾക്ക് വാടകയിനത്തിൽ 294060/-രൂപ നൽകിയതിൽ ആദായനികുതി നിയമം 194 (ഐ) പ്രകാരം 10% നികുതി ഈടാക്കി ഒടുക്കിയിട്ടില്ല. ആദായനികുതി 29406/-രൂപ ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-14 പ്രവൃത്തി പൂർത്തീകരണം -തുക അനുവദിക്കുന്നതിൽ കാലതാമസം - ഫണ്ട് ലാപ്സാക്കുന്നു

1.പ്രവൃത്തി- തച്ചോത്ത് റോഡ് ടാറിങ്ങ്

| | | | |
|---|---|---|---|
| പ്രോജക്ട് നം | 173/16-17 | അടങ്കൽ | 196166/- |
| കോൺട്രാക്ടർ | ചേക്കുട്ടി ഹാജി | എഗ്രിമെൻറ് | 104/14-15/24.3.15 |
| എം ബുക്ക് | 126/14-15 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 3/16-17/24.9.16 | തുക | 196166/- |

2014-15 ൽ എഗ്രിമെന്റ് വച്ച കോൺട്രാക്ടർ പ്രവൃത്തി നടത്തി 8.4.18, 13.4.15, 21.5.15 തീയ്യതികളിൽ ചെക്ക് മെഷർ ചെയ്ത് പൂർത്തീകരിച്ച പ്രവൃത്തി തുക അനുവദിച്ചത് 24.9.2016 ൽ മാത്രമാണ്. 2014-15 ൽ 75000/-രൂപ വകയിരുത്തി 31.3.2015 ന് പൂർത്തീകരിച്ച് തുക നൽകേണ്ടിയിരുന്നതും 2015-16 ൽ 125000/-രൂപ വകയിരുത്തി 24.6.2015 ന്ന് പൂർത്തീകരിച്ച് തുക നൽകേണ്ടിയിരുന്നതും ചെയ്യാതെ 2016-17 ൽ മൊത്തം തുക 196166/-രൂപ നൽകിയത് വഴി പഞ്ചായത്തിന്ന് കിട്ടേണ്ടിയിരുന്ന തുക ലാപ്സാക്കിയത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിയിയുടെയും അഭിപ്രായം അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ ഇതേ രീതിയിൽ നിർവ്വഹണം നടത്തി പഞ്ചായത്തിന് വലിയ തുക ലാപ്സായിട്ടുണ്ട്. ഭരണസമിതി ഇക്കാര്യത്തിൽ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-15 സ്ട്രീറ്റ് ടാപ്പ് -വെള്ളക്കരം സംയുക്ത പരിശോധന സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ ഉള്ള 209 പൊതു വാട്ടർ ടാപ്പുകൾക്ക് പ്രതിമാസം 91438/-രൂപ വീതം 4/2016 മുതൽ 10/16 വരെ അടവാക്കിയിരുന്നു. തുടർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ടാപ്പുകളുടെ എണ്ണം 92 ആയി കുറഞ്ഞതിൻ പ്രകാരം വാട്ടർ ചാർജ്ജ് 40688/- രൂപയായി കുറവ് വരുത്തി. ഈ തുകയാണ് 11/16 മുതൽ അടച്ചു വരുന്നത്. മുൻ കാലങ്ങളിൽ അധികമായി ഒടുക്കിയ തുക ക്രമീകരിച്ച തരുന്നതിന് വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും തരത്തിലുള്ള കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-16 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച്

2 ഇലക്ട്രിക്കൽ ഡിവിഷനുകളിലായി 2016-17 സാമ്പത്തിക വർഷം താഴേപ്പറയും പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നുണ്ട്.

| ഡിവിഷൻ | മാസം | തുക | ചെക്ക് നം |
|---|---|---|---|
| ആനക്കയം | 4/16 | 23526 | 106450/4.4.16 |
| മക്കരപ്പറമ്പ് | | 5014 | |
| ആനക്കയം | 5/16 | | 16060/6.5.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 6/16 | | 16091/1.7.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 7/16 | | 16100/3.7.1616125/5.8.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 8/16 | | 16359/5.9.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 9/16 | | 16384/29.9.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 10/16 | | 16393/16.10.16 |
| മക്കരപ്പറമ്പ് | | | |
| ആനക്കയം | 11/16 | | 16458/11.11.16 |

| | | | |
|---|---|---|---|
| മക്കരപ്പറമ്പ് | | | |
| ആനക്കയം<br>മക്കരപ്പറമ്പ് | 12/16 | | 34748/24.1.17 |
| ആനക്കയം<br>മക്കരപ്പറമ്പ് | 1/17 | | 34856/22.1.17 |
| ആനക്കയം<br>മക്കരപ്പറമ്പ് | 2/17 | | 3638/12.2.17 |
| ആനക്കയം<br>മക്കരപ്പറമ്പ് | 3/17 | | 405073/17.3.17 |

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-17 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം | 161/16-17 | അടങ്കൽ | 170000/- |
| കോൺട്രാക്ടർ | IRTC മുണ്ടൂർ | എഗ്രിമെൻറ് | - |
| എം ബുക്ക് | - | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | 161/16-17/27.2.17 | തുക | 170000/- |

പഞ്ചായത്തിലെ 68 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്ത്

വിഹിതം അക്രഡിറ്റഡ് ഏജൻസിയായ IRTC മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിൽ പഞ്ചായത്ത് വിഹിതം ഡപ്പോസിറ്റായി തുക നൽകിയിട്ടുണ്ട്. പൂർത്തീകരണം സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-18 സ്കൂളുകൾക്ക് ഫോട്ടോകോപ്പിയർ കം സ്കാനർ വാങ്ങൽ-ക്രമപ്രകാരമല്ല

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 261/16-17 | അടങ്കൽ | 15000/-(M.G.N.R) |
| എം ബുക്ക് | - | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം | | തുക | 15000/- |

ജി.എൽ.പി സ്കൂൾ വള്ളിക്കപ്പെറ്റയ്ക്ക് മെയിന്റെനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ട് ഉപയോഗിച്ച് ഫോട്ടോകോപ്പിയർ കം സ്കാനർ വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. മെയിന്റെനൻസ് ഗ്രാന്റ് (റോഡിതരം) വിനിയോഗം സംബന്ധിച്ച് ഉത്തരവിന് (ജി.ഒ.(എം.എസ്)300/2010/ത.സ്വ.ഭ.വ /10.12.2010) വിരുദ്ധമായി തുക ചെലവഴിച്ചതിന് അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-19 സംയുക്ത പ്രോജക്റ്റ് -ചെലവഴിക്കാത്ത തുക തിരിച്ചടവാക്കണം

മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് നം 187/16-17 ബഡ്സ് സ്കൂൾ നിർമ്മാണത്തിന് 300000/-രൂപ നൽകിയതിൽ കോൺട്രാക്ടർക്ക് ചെക്ക് നം 750823/6.5.2017 പ്രകാരം 259642/-രൂപ നികുതിയുൾപ്പടെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക 40658/-രൂപ മങ്കട ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി മുഖേനയുള്ള വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് (ആകെ 200000/-രൂപ) ഗുണഭോക്താവായ ശ്രീമതി നളിനി, വാഴമ്പറമ്പിൽ ന്ന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ചെക്ക്നം | തുക |
|---|---|
| 100683/20.3.15 | -40000/- |
| 010415/5.4.17 | -100000/- |

നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചതായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ബാക്കിതുക കൈപ്പറ്റിയിട്ടില്ല. പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-21 സാനിറ്ററി യൂനിറ്റിന് ധനസഹായം-വികസന ഫണ്ടിൽ നിന്നും

## ചെലവഴിച്ച തുക ക്രമീകരികരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പൊതു സ്ഥലം മലമൂത്ര വിസർജന വിമുക്തമാക്കുന്നതിന് സ.ഉ. (സാധ) 1773/16 തസ്വഭവ തി.27-5-16 പ്രകാരം സ്വച്ഛ്ഭാരത് മിഷൻ വിഹിതം 12000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 3400 രൂപയും ഉൾക്കൊള്ളിച്ച് ഒരു യൂനിറ്റിന് 15400 രൂപ വെച്ച് കക്കൂസ് നിർമ്മാണത്തിന് അനുവദിക്കുന്നതിനും, സ്വച്ഛ്ഭാരത് വിഹിതം ലഭ്യമാകുവാൻ വൈകുന്ന പക്ഷം വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക താൽക്കാലികമായി അനുവദിക്കുവാനും, സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക തിരികെ വരവ് വയ്ക്കാനും നിർദ്ദേശിച്ചിരുന്നു.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്റ്റ് നമ്പർ 227/17 പ്രകാരം സാനിറ്ററി യൂനിറ്റിന് സഹായ (ഒ.ഡി.എഫ്)ത്തിനായി വികസനഫണ്ടിൽ നിന്നും 372000 രൂപയും തനത് ഫണ്ടിൽ നിന്നും 105400 രൂപയും ഉൾപ്പടെ ആകെ 477400 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു യൂനിറ്റിന് 15400 രൂപ പ്രകാരം ആകെ 31 കക്കൂസുകളാണ് നിർമ്മിച്ചിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സ്വച്ഛ്ഭാരത് മിഷനിൽ നിന്നും ലഭ്യമാക്കുകയും ക്രമീകരിക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-22 കുടിവെള്ള വിതരണം-(വരൾച്ച ദുരിതാശ്വാസ പദ്ധതി) നികുതി ഈടാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 221/16-17 | അടങ്കൽ | 387325/-തനത് |
| നിർവ്വഹണം | ക്വട്ടേഷൻ | എഗ്രിമെന്റ് | ഇല്ല |
| എം ബുക്ക് | - | നിർവ്വഹണം | സെക്രട്ടറി |
| വൗച്ചർ നം | 660/16-17/22.12.16 | തുക | 387325/- |

താഴെ പറയുന്ന വ്യക്തികൾ ദുരിതാശ്വാസ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്യാൻ ക്വട്ടേഷൻ മുഖേന പ്രവർത്തി ഏറ്റെടുത്ത് തുക നൽകിയപ്പോൾ നിയമാനുസൃത ആദായ നികുതി ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

1.ശ്രീ.കെ.എം.അബ്ദുൾ അസ്സീസ്- കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെക്ക് നം 16112/19.7.16 -154200/- രൂപയും ചെക്ക് നം 16098/2.7.16 -26700/-രൂപയും അനുവദിച്ചിട്ടുണ്ട്. നിയമാനുസൃത ആദായ നികുതി 18090/-രൂപ (180900x10%) ഈടാക്കി ഒടുക്കിയിട്ടില്ല.

2. ശ്രീ.ഉണ്ണീൻകുട്ടി .കെ ചെക്ക് നം 16107/18.7.16 -54000/- രൂപയും ചെക്ക് നം 16110/19.7.16 -28000/-രൂപയും അടക്കം 82000/-രൂപ നൽകി
നിയമാനുസൃത ആദായ നികുതി 8200/-രൂപ (82000x10%)യും

3 ശ്രീ.അബ്ദുൾ നാസ്സർ, ചെക്ക് നം. 16099/5.7.16 -33000/-രൂപ നൽകി. നിയമാനുസൃത ആദായ നികുതി 3300/-രൂപ (33000x10%) ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അടവാക്കിയതിന്റെ ചലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയിൽ വൻ കുറവ്

പ്രോജക്ട് നം. : SO 007/17, വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ബിൽ നം. : 05/16-17 തീയതി: 16.01.2017, തുക: 4,00,000/- വികസന ഫണ്ട്.

ട്രഷറി ചെക്ക് നം :SB/JC No.1708781/24.03.2017 തുക: 1,50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം.

ആകെ : 5,50,000/-

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv) പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത (പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന | 400 | - | - |

| | | | | |
|---|---|---|---|---|
| | മാസങ്ങളിൽ മാത്രം) | | | |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത (വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19200 രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 09 | [(400x12)+500]x09 = 47,700 | [2000x09]= 18,000 | 29,700 | ചലന വൈകല്യമുള്ള വർക്കുള്ള യാത്രാ ബത്ത പരിഗണി ച്ചിട്ടില്ല |
| 5-8 | 16 | [(500x12)+600]x16 =105600 | [2500x16]= 40,000 | 65,600 | |
| 9,10,+1, +2 | 15 | [(600x12)+800]x15 =1,20,000 | [3000x15]= 45,000 | 75,000 | |
| ബിരുദം | 02 | [(800x12)+1250]x02= | [5000x02]= | 11,700 | |

| | | | | | |
|---|---|---|---|---|---|
| | | 21,700 | 10,000 | | |
| വൊക്കേഷണൽ | 01 | [(1000x12)+1500]x01 =13,500 | 7000 | 6,500 | |
| ആകെ | 43 | 3,08,500 | 1,20,000 | 1,88,500 | |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 56 | (18,200x56) = 10,19,200 | (7679x55+7655x01) = 4,30,000 | 5,89,200 | ഉല്ലാസ യാത്ര / പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ (1,88,500+5,89,200)= 7,77,700 രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്.

ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ബഡ്സ് സ്കൂൾ നിർമ്മാണം | 251667 | 48333 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ | നൽകിയ തുക | ബിൽ നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 66/16-17-പട്ടികത്ത് പനമ്പറ്റ റോഡ് പൈപ്പ് ലൈൻ | 60000 | 60000 | 170/16-17 /22.12.16 | | |
| 68/16-17 -വെള്ളംകൊള്ളിപ്പാടം പൈപ്പ് ലൈൻ | 50000 | 50000 | 169/16-17 /22.12.16 | | |
| 69/16-17-കവളപ്പാറമുക്ക് പൈപ്പ് ലൈൻ | 40000 | 40000 | 171/16-17 /22.12.16 | | |
| 70/16-17കാരോളി റോഡ് പൈപ്പ് ലൈൻ | 30000 | 30000 | 172/16-1722.12.16 | | |
| 71/16-17-കോഴിത്തടം റോഡ് പൈപ്പ് ലൈൻ | 158000 | 158000 | 173/16-17 /22.12.16 | | |
| 72/16-17-പടിഞ്ഞാറ്റുമുറി റോഡ് പൈപ്പ് ലൈൻ | 160000 | 160000 | 174/16-17 /22.12.16 | | |
| 73/16-17-ചാത്തംക്കുളം റോഡ് പൈപ്പ് ലൈൻ | 60000 | 60000 | 175/16-17 /22.12.16 | | |
| 75/16-17-കുന്നംപ്പറമ്പ് റോഡ് പൈപ്പ് ലൈൻ | 50000 | 50000 | 176/16-17 /22.12.16 | | |
| 76/16-17-ചീരക്കുഴി റോഡ് | 50000 | 50000 | 179/16-17 /22.12.16 | | |

| | | | | | |
|---|---|---|---|---|---|
| പൈപ്പ് ലൈൻ | | | | | |
| 77/16-17-പുതുക്കൊള്ളി റോഡ് പൈപ്പ് ലൈൻ | 50000 | 50000 | 177/16-17 /22.12.16 | | |
| 78/16-17-കമ്മിൽച്ചിറ റോഡ് പൈപ്പ് ലൈൻ | 100000 | 100000 | 178/16-17 /22.12.16 | | |
| 82/16-17-കോട്ടപള്ള റോഡ് പൈപ്പ് ലൈൻ | 40000 | 40000 | 183/16-17 /22.12.16 | | |
| 83/16-17-കക്കാട് റോഡ് പൈപ്പ് ലൈൻ | 25000 | 25000 | 184/16-17 /22.12.16 | | |
| 84/16-17-പുതമനപ്പാറ റോഡ് പൈപ്പ് ലൈൻ | 70000 | 70000 | 185/16-17 /22.12.16 | | |
| 85/16-17-പാറടി റോഡ് പൈപ്പ് ലൈൻ | 70000 | 70000 | 186/16-17 /22.12.16 | | |
| 86/16-17-പുല്ലേങ്ങൽ റോഡ് പൈപ്പ് ലൈൻ | 40000 | 40000 | 187/16-17 /22.12.16 | | |
| 87/16-17-വളച്ചെട്ടി റോഡ് പൈപ്പ് ലൈൻ | 40000 | 40000 | 188/16-17 /22.12.16 | | |
| 88/16-17-ചാത്തുണ്ണിപ്പറമ്പ് റോഡ് പൈപ്പ് ലൈൻ | 30000 | 30000 | 189/16-17 /22.12.16 | | |
| 89/16-17-മുഞ്ഞക്കളം റോഡ് പൈപ്പ് ലൈൻ | 100000 | 100000 | 190/16-17 /22.12.16 | | |

| | | | | | |
|---|---|---|---|---|---|
| 90/16-17- മെരുവിൻക്കുന്ന് റോഡ് പൈപ്പ് ലൈൻ | 25000 | 25000 | 191/16-17 /22.12.16 | | |
| 91/16-17- മൊട്ടമ്മൽ റോഡ് പൈപ്പ് ലൈൻ | 60000 | 60000 | 192/16-17 /22.12.16 | | |
| 92/16-17- പി.എച്ച്.സി റോഡ് പൈപ്പ് ലൈൻ | 40000 | 40000 | 193/16-17 /22.12.16 | | |
| 93/16-17- കോക്കുന്ന് റോഡ് പൈപ്പ് ലൈൻ | 60000 | 60000 | 194/16-17 /22.12.16 | | |
| 94/16-17- കാരാട്ട് പറമ്പ് റോഡ് പൈപ്പ് ലൈൻ | 60000 | 60000് | 195/16-17 /22.12.16 | | |
| 95/16-17- വെണ്ണിയം പറമ്പ് റോഡ് പൈപ്പ് ലൈൻ | 50000 | 50000 | 196/16-17 /22.12.16 | | |
| 96/16-17- കാരയിൽ റോഡ് പൈപ്പ് ലൈൻ | 50000 | 50000 | 197/16-17 /22.12.16 | | |
| ആകെ | 1568000 | 1568000 | | | |

ലോക ബാങ്ക് ഫണ്ട് 1478000/- രൂപയും മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ട് 90000/-രൂപയും (റോഡിതരം ഫണ്ട് പഞ്ചായത്ത് ആസ്തിയിൽ ഉള്ളവയ്ക്ക് വേണ്ടി)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2054108 |
| തൻവർഷം നിക്ഷേപിച്ച തുക | 89000 |

| | |
|---|---|
| ആകെ | 2183108 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2183108 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, പടിഞ്ഞാറ്റുമുറി | 2183108/- |
| ആകെ | 2183108/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7406/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 7406 | അബ്ദുസമദ്.എൻ.കെ | 11613103137/16.9.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68870655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54032940 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1459609 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1572686 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 1189000/- | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-2 | | 70980 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-3 | | 28536 | അസി.എൻജിനിയർ, ശ്രീ.ജോൺസൺ |
| 3-8 | | 40341 | അസി. സെക്രട്ടറി, ശ്രീമതി. എം.ജഗദമ്മ |
| 3-9 | | 130752 | അസി. സെക്രട്ടറി, ശ്രീമതി. എം.ജഗദമ്മ |
| | ആകെ | | |

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 399048 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-7 | 384984 | അസി.എൻജിനിയർ, ശ്രീ.ജോൺസൺ |
| 3-9 | 358704 | അസി.സെക്രട്ടറി,എം.ജഗദമ്മ |
| 3-10 | 240000 | അസി.സെക്രട്ടറി,എം.ജഗദമ്മ |
| 3-11 | 4950 | ഡയറി ഫാം ഇൻസ്ട്രക്ടർ, ശ്രീമതി. നസീമ. കെ |
| 3-17 | 170000 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-18 | 15000 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| ആകെ | 1572686 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-1 | 189280 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-2 | 22128/- | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-5 | 129736 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-13 | 29400 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |
| 3-22 | 29590 | സെക്രട്ടറി, ശ്രീ.മൊയ്തീൻകുട്ടി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മൊയ്തീൻകുട്ടി, സെക്രട്ടറി | സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാ.പ | മണപ്പാട്ടിൽ (വീട്), ചെമ്മങ്കടവ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, 676519 |
| ശ്രീ.ജോൺസൺ അസി.എൻജിനീയർ | അസി.എൻജിനീയർ കുട്ടിലങ്ങാടി ഗ്രാ.പ | പൂഴോലിപ്പറമ്പിൽ, പൂക്കോട്, വെട്ടണത്തറ, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശഷിക്കുന്ന ഓഡിററ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1967-68 | എൽ എഫ് എം6/1149/86 തി.2-8-89 | 2 |
| 1968-69 | എൽഎഫ് എം 6/1150/86 തി.2-8-89 | 4 |
| 1969-70 | എൽഎഫ് എം 6/1150/86 തി.2-8-89 | 13 |
| 1970-71 | എൽഎഫ് എം 6/1150/86 തി.2-8-89 | 4 |
| 1971-72 | എൽഎഫ് എം 6/1153/86 തി.2-8-89 | 2 |
| 1972-73 | എൽഎഫ് എം 6/1154/86 തി 2-8-89 | 5 |

| | | |
|---|---|---|
| 1973-74 | എൽഎഫ് എം 6/1155/86 തി 2-8-89 | 2 |
| 1974-75 | എൽഎഫ് എം 6/1156/86 തി.2-8-89 | 7 |
| 1975-76 | എൽഎഫ് എം 6/1157/86തി.2-8-89 | 5 |
| 1976-77 | എൽഎഫ് എം 6/1158/86 തി.2-8-89 | 16 |
| 1977-78 | എൽഎഫ് എം 6/1159/86 തി.2-8-89 | 39 |
| 1978-79 | എൽഎഫ് എം 6/1160/86 തി.2-8-89 | 15 |
| 1979-80 | എൽ എഫ് എം 6/1161/86 തി.2-8-89 | 8 |
| 1980-81 | എൽ എഫ് എം 6/1162/86 തി.2-8-89 | 14 |
| 1981-82 | എൽഎഫ് എം 6/1163/86 തി.2-8-89 | 12 |
| 1982-83 | എൽ എഫ് എം 6/1164/86 തി.2-8-89 | 20 |
| 1983-84 | എൽഎഫ് എം 6/1165/86 തി2-8-89 | 14 |
| 1984-85 | എൽഎഫ് എം 6/934/89 തി 16-10-89 | 21 |
| 1985-86 | എൽ എഫ് എം 6/1276/91 തി 6-5-92 | 24 |
| 1986-87<br>1987-88 | എൽഎഫ് എം 6/1027/92 തി.19-3-99 | 20 |
| 1988-89<br>1989-90 | എൽഎഫ് എം 6/312/94 തി 21-6-94 | 13 |
| 1990-91 | എൽ എഫ് എം 6/70/95 തി 9-5-95 | 20 |

| | | |
|---|---|---|
| 1991-92 | എൽ എഫ് എം 6/410/93 തി 13-10-93 | 20 |
| 1992-93<br>1993-94<br>1994-95 | എൽഎഫ് എം 4/1056/97 തി 7-4-99 | 93 |
| 1995-96 | എൽഎഫ് എം 11/374/04 തി 4-5-04 | 16 |
| 1996-97 | എൽഎഫ് എം 11/375/04 തി 4-5-04 | 22 |
| 1997-98 | എൽഎഫ് എം 11/373/04 തി 5-5-04 | 34 |
| 1998-99 | എൽ എഫ് എം 11/494/04 തി 4-2-05 | 2 |
| 1999-00 | എൽഎഫ് എം 11/1178/04 തി 6-7-05 | 46 |
| 2000-01 | എൽ എഫ് എം 11/1284/04 തി 1-7-05 | 35 |
| 2001-02 | എൽ എഫ് എം 11/1285/04 തി 5-7-04 | 61 |
| 2002-03 | എൽഎഫ് എം 11/1622/04 തി 26-4-05 | 20 |
| 2003-04 | എൽഎഫ് എം 12/1970/06 തി 13-6-07 | 12 |
| 2004-05 | എൽഎഫ് എം 12/1883/07 തി 10-10-07 | 10 |
| 2005-06 | എൽ എഫ് എം 12/1884/07 തി 10-10-07 | 16 |
| 2006-07 | എൽഎഫ് എം 12/1935/11 തി 15-11-11 | 32 |
| 2007-10 | എൽഎഫ് എം 13/2973/12 | 14 |
| 2010-11 | എൽഎഫ് എം 13/873/13 തി 12-7-13 | 18 |

| | | |
|---|---|---|
| 2011-12<br>2012-13 | എൽഎഫ് എം 24/1106/14 | 17 |
| 2013-14<br>2014-15 | കെ എസ് എ എംപിഎം 24/2/2016തി9-8-16 | 23 |
| 2015-16 | കെ.എൽ.എ.എം.പി.എം-24/24/201/1.2.2017 | 7 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

-

**അനുബന്ധം**

കെ.എസ്.എ-എം.പി.എം.24/2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയതി.04-11-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൻറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# Annexure - 1

-

No. KSA.MPM.24/2032/2017

office of the Senior DeputyDirector

Kerala State Audit Department,
District Audit Office,Malappuram.

Date 04-11-2017

Certified that I have examined tha Annual Financial Statement of Koottilangadi Grama Panchayath for the year ended on 31.3.2017 in Malappuram District in accordance with section '4' of the Kerala Local Fund Audit Act 1994; section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayath Raj Institutions.
In my opinion the Financial Statements of Koottilangadi Grama Panchayth for the year 2016-17 subject to the observation in the Annexure properly presents the picture of income,expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department,
District Audit Office,Malappuram.